റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണം

29 [1439] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ബില്ലിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് വികസനത്തിനുമായി തയ്യാറാക്കിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനവും പ്രയോജനവും വിശദീകരിക്കുമോ;

(സി) ഇത് നടപ്പിൽ വന്നാൽ ഗതാഗതസംവിധാനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എപ്രകാരമാണെന്നും ആയത് ജനങ്ങൾക്ക് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുമെന്നും വ്യക്തമാക്കാമോ;

(ഡി) മൺസൂൺ കാലവർഷം റോഡ് സുരക്ഷയ്ക്ക് ഭീഷണിയാണെന്ന കാഴ്ചപ്പാടോടെ സ്വീകരിച്ചിട്ടുള്ള നിവാരണ നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണം സംബന്ധിച്ച ബില്ല് നിയമസഭയുടെ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡ് അപകടങ്ങൾ പരമാവധി കുറയ്ക്കുക, ഇതിനുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുക, അപകടത്തിൽപ്പെടുന്നവർക്ക് ട്രോമാകെയർ ഉൽപ്പെടെയുള്ള അടിയന്തിര സഹായം ലഭ്യമാക്കുക, റോഡ് സുരക്ഷാ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകീകരിക്കുക തുടങ്ങിയവയാണ് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ.

(ബി) ഇത്തരത്തിൽ ഒരു സോഫ്റ്റ്വെയർ മരാമത്ത് വകുപ്പോ മോട്ടോർ വാഹന വകുപ്പോ വികസിപ്പിച്ചെടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നല്ല ട്രെഡ് ഉള്ള ടയറുകൾ ഘടിപ്പിക്കുക, വൈപ്പർ പ്രവർത്തനക്ഷമമാക്കുക മുതലായ കാര്യങ്ങളെപ്പറ്റി ഡ്രൈവർമാരെ ബോധവാൻമാരാക്കാറുണ്ട്. കൂടാതെ റോഡ് സുരക്ഷാവാരം പോലുള്ള പരിപാടികൾ നടത്തുമ്പോൾ ക്ലാസ്സുകൾ നടത്തിയും സെമിനാറുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്താറുണ്ട്.

വിദേശ സഹായത്തോടെയുള്ള മരാമത്ത് പണി

30 [1440] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപയുടെ മരാമത്തുപണികൾ നടത്തിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly